മി. സ്പീക്കർ : ചോദ്യം നമ്പർ 484

ട്രോളിംഗ് നിരോധിത കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

4 (*484) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രോളിംഗ് നിരോധിതകാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഈ വർഷം നടപ്പിലാക്കിയത് ;

(ബി) ഇതുസംബന്ധിച്ച പുതിയ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നു എന്നുറപ്പുവരുത്താൻ പ്രത്യേക നിരീക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിരുന്നുവോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ വർഷം ട്രോളിംഗ് നിരോധിത കാലത്ത് ഇതുസംബന്ധിച്ച നിയമലംഘനം നടത്തിയ ഏതൊക്കെ സംഭവങ്ങളിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇതിനായി കേന്ദ്ര സഹായമായി എന്തു തുകയാണ് ലഭിച്ചത്?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) 2007-ലെ കേരള വർഷകാല മത്സ്യബന്ധന (സമുദ്രോപരിതലം) സംരക്ഷണ ആക്ട് പ്രകാരം ട്രോളിംഗ് നിരോധന കാലയളവിലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കിയത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്.

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം, പോലീസ്, ഫിഷറീസ് വകുപ്പിലെ ഇംപൗണ്ടിംഗ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് കർശനമായി നടപ്പിലാക്കുന്നു.

(സി) ഈ വർഷം ട്രോളിംഗ് നിരോധനകാലത്ത് ഇതുവരെ നിയമലംഘനം നടത്തിയതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly